ഉത്തരം

(എ) ഇല്ല.

(ബി) 1.3.1997-നും 25.11.1998-നുമിടയ്ക്ക് പെൻഷനായവർക്കുള്ള ഡി. സി.ആർ.ജി., കമ്മ്യൂട്ടേഷൻ എന്നീയിനങ്ങളിലുള്ള കുടിശ്ശിക ഒരുമിച്ച് നൽകുമ്പോഴുണ്ടാകാവുന്ന സാമ്പത്തിക ഭാരം താങ്ങുവാൻ സർക്കാരിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് കുടിശ്ശിക പലിശ സഹിതം ഗഡുക്കളായി നൽകുവാൻ തീരുമാനിച്ചത്. പിന്നീട് പെൻഷനായവരെ സംബന്ധിച്ചിടത്തോളം ലഭിക്കുന്ന പെൻഷൻ തുകയ്ക്ക് കുടിശ്ശിക എന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ഇതുകൊണ്ട് സർക്കാരിന് ലാഭമൊന്നുമില്ല. ഈയിനത്തിലെ ചെലവ് ഒരുമിച്ച് വഹിക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് ഇത്തരമൊരു തീരുമാനമെടുക്കേണ്ടിവന്നത്.

വികലാംഗരെ സ്ഥിരപ്പെടുത്തൽ

102 (3031)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്;

(സി) 1994 ആഗസ്റ്റ് മുതൽ സർവ്വീസിൽ ഉണ്ടായിരുന്ന താല്ക്കാലിക വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് 1.1.1993 മുതൽ 31.7.1994 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന റൂൾ 9 (എ) (1) പ്രകാരം നിയമിതരായി താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് 30.3.1995ൽ ജി.ഒ.(പി.)6/95/പി. ആന്റ് എ ആർ ഡി ഉത്തരവു പുറപ്പെടുവിച്ചു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

വികലാംഗരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന നടപടി

103 (3032) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിയമിതരായിട്ടുള്ള വികലാംഗരായ താൽക്കാലിക ജീവനക്കാരിൽ ഏത് കാലയളവുവരെയുള്ളവരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 1999 ജൂലൈയിലും സർവ്വീസിലുള്ള താൽക്കാലികമായി നിയമിതരായിട്ടുള്ള ജീവനക്കാരെകൂടി സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly